സ്വാഗതാർഹമാണ്. നഗരങ്ങളിലും പട്ടണ പ്രദേശങ്ങളിലുമൊക്കെ പലപ്പോഴും ഈ വിഭാഗത്തിലെ ആളുകളെ കുടിയൊഴിപ്പിക്കുകയും സാധനങ്ങൾ നശിപ്പിക്കുകയുമൊക്കെ ചെയ്യുന്ന പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. പല രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും പ്രത്യേക മേഖലകൾ തിരിച്ച് കച്ചവടം നടത്താനും അവരുടെ ഉപജീവനം നടത്താനുമുള്ള സൗകര്യം ഏർപ്പെടുത്തി കൊടുക്കുന്നുണ്ട്. സംസ്ഥാനത്ത് ഈ നയം വരാൻപോകുന്ന സന്ദർഭത്തിൽ അത്തരം ഒരു നിർദ്ദേശം കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി തയ്യാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അത് സംബന്ധിച്ചുള്ള നയമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അടിയന്തിരമായി അടുത്ത ദിവസം തന്നെ അത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതായിരിക്കും.

(2) ബി.പി.എൽ. ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പുതുതായി നൽകിയ റേഷൻ കാർഡുകളിൽ അത് സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി നൽകാത്തതുകാരണം ബി.പി.എൽ. കുടുംബങ്ങൾക്കുള്ള കേന്ദ്ര സംസ്ഥാന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് പുതിയ ബി.പി.എൽ. പട്ടിക സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. 2002-ലെ ബി.പി.എൽ. സെൻസസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ മൂന്ന് സർവ്വേകൾക്ക് ശേഷമാണ് ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. നിരവധി കാത്തിരുപ്പുകൾക്ക് ശേഷമാണ് ഇത്തരമൊരു പട്ടിക പ്രസിദ്ധികരിച്ചത്. ഗ്രാമ പ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലെയും കുടുംബങ്ങളെ ഉൾപ്പെടുത്തി 76,12,343 കുടുംബങ്ങളിൽ സർവ്വേ നടത്തിയാണ് ബി.പി.എൽ. പട്ടിക പുറത്തിറക്കിയത്. ഈ ലിസ്റ്റിൽ 32,29,823 കുടുംബങ്ങൾ ബി.പി.എൽ. -കാരാണ്. അതായത് 42.41 ശതമാനം. നിലവിലുണ്ടായിരുന്ന ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം 17,23,556 ആയിരുന്നു. ഇത് മുപ്പത് ശതമാനം മാത്രമാണ്. അതായത് പുതുതായി പുറത്തിറക്കിയ ബി.പി.എൽ. പട്ടികയിൽ കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് 15,06,267 കുടുംബങ്ങൾ അധികമായി ഉൾപ്പെട്ടിട്ടുണ്ട്. 8.2 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. ജില്ലാതലത്തിലുള്ള കണക്കുകൾ ഇവിടെയുണ്ട്. കഴിഞ്ഞ ദിവസം സഭയിൽ ഇത് സംബന്ധിച്ച എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി തന്ന മറുപടി പ്രകാരം 1999-2000-ൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ തിട്ടപ്പെടുത്തിയ കണക്ക് അനുസരിച്ച് കേരളത്തിൽ 10.2 ലക്ഷം കുടുംബങ്ങളാണ് ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ പ്രത്യേക സാഹചര്യംകൂടി കണക്കിലെടുത്ത് പുതുക്കിയ ലിസ്റ്റിൽ 22,04,823 കുടുംബങ്ങൾകൂടി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന വിവിധ ആനുകൂല്യങ്ങൾ പുതുതായി ലിസ്റ്റിലുൾപ്പെട്ട ആളുകൾക്ക് അവരുടെ കാർഡുകൾ നൽകാത്തതുകൊണ്ട് നഷ്ടപ്പെടുന്നു. റേഷൻ കാർഡുകൾ വിതരണം ചെയ്യുമ്പോൾ ഇനിയുള്ള ബി.പി.എൽ കുടുംബങ്ങൾക്ക് പുതിയ ബി.പി.എൽ. കാർഡ് നൽകുന്നതിനും അതുപോലെ വിതരണം ചെയ്ത കാർഡുകളിൽ ബി.പി.എൽ. ആണെങ്കിൽ അത് സംബന്ധിച്ച് എൻഡോഴ്സ്മെന്റും നടത്തണം. സ്റ്റേറ്റിന്റെ ലിസ്റ്റിലുള്ളതാണെങ്കിൽ സ്റ്റേറ്റ് ലിസ്റ്റിലുള്ള ബി.പി.എൽ. എന്ന

LIBRARY ARCHIVES Kerala Legislative Assembly

എൻഡോഴ്സ്മെന്റും കേന്ദ്ര മാനദണ്ഡമാണെങ്കിൽ അതിന് പ്രത്യേകമായ എൻഡോഴ്സ്മെന്റും ഉണ്ടെങ്കിൽ മാത്രമേ അത് അർഹതപ്പെട്ടവർക്ക് ലഭിക്കുകയുള്ളൂ. നമുക്കറിയാം ആശുപത്രിയിലാകട്ടെ മറ്റു സ്ഥലങ്ങളിലാകട്ടെ വളരെ പെട്ടെന്ന് ആളുകൾക്ക് കൊണ്ടുപോകാവുന്ന ഒരു രേഖ എന്ന രീതിയിൽ കണക്കാക്കപ്പെടുന്നത് റേഷൻ കാർഡാണ്. ഇപ്പോൾ ഐഡന്റിറ്റി കാർഡ് ബി.പി.എൽ.കാർക്ക് കൊടുക്കുന്നു എന്ന് പറയുന്നുണ്ട്. പക്ഷേ അതിനൊക്കെ കാലതാമസമുണ്ട്. ഇപ്പോൾ വിതരണം ചെയ്തിട്ടുള്ള കാർഡുകളിൽ പ്രത്യേകമായി സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട ബിപിഎൽ. കാർഡ് എന്ന എൻഡോഴ്സ്മെന്റ് പതിക്കുകയാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കും. അതുകൊണ്ട് പുതുതായി ഇനി വിതരണം ചെയ്യുന്ന കാർഡുകളിൽ അങ്ങനെയുള്ള എൻഡോഴ്സ്മെന്റ് നടത്തുകയും വിതരണം ചെയ്ത കാർഡുകൾ തിരിച്ചു വാങ്ങി ലിസ്റ്റ് പ്രകാരം പെട്ടെന്ന് ഇവർക്ക് ആനുകൂല്യം ലഭിക്കുന്നതിന് എൻഡോഴ്സ്മെന്റ് ഉണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, തീർച്ചയായിട്ടും ശ്രീ. ഉമ്മർ ഉന്നയിച്ചത് ജനങ്ങളെ ബാധിക്കുന്ന സജീവമായ ഒരു പ്രശ്നമാണ്. അതിൽ ചില സാങ്കേതിക തടസ്സങ്ങളുണ്ട്. എ.പി.എൽ./ബി.പി.എൽ.- നെക്കുറിച്ച് 1997-ൽ കേന്ദ്ര ഗവൺമെന്റ് നിർണ്ണയിച്ച മാനദണ്ഡങ്ങൾ ഇപ്പോഴും അങ്ങനെ തുടരുകയാണ്. ഇപ്പോൾ കേന്ദ്ര പ്ലാനിംഗ് ബോർഡ് പുതിയ സർവ്വെ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൂടി വരുമ്പോൾ ഇപ്പോഴുള്ള കേന്ദ്രത്തിന്റെ ബി.പി.എൽ. എണ്ണം തന്നെ മാറാൻ പോകുകയാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റ് ഇതിനകം തന്നെ ഇതിന്റെ സർവ്വെ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ബി.പി.എൽ, എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 20,52,554 കുടുംബങ്ങളാണുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകരുടെ സേവനം വിനിയോഗിച്ചുകൊണ്ട് നടത്തിയ സർവ്വെ പ്രകാരം ബി.പി. എൽ. കുടുംബങ്ങളുടെ എണ്ണം 32.29 ലക്ഷമാണ്. അതായത് റൂറൽ ഏരിയായിലെ 27.92 ലക്ഷവും അർബൻ ഏരിയായിലെ 4.37 ലക്ഷവുമാണ്. അതനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ചില സൂചകങ്ങളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ച സമീകൃത ലിസ്റ്റ് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് അപ്രകാരമുള്ള ബി.പി.എൽ. ലിസ്റ്റ് ലഭ്യമായാലുടൻതന്നെ ബന്ധപ്പെട്ട ബി.പി.എൽ. ഗുണഭോക്താക്കളുടെ റേഷൻ കാർഡുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: അഞ്ച് സംസ്ഥാനങ്ങളിലാണ് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ താമസമുണ്ടായത്. അതിലൊന്ന് കേരളമാണ്. ഇങ്ങനെ നിരവധി പരിശ്രമങ്ങൾക്കുശേഷം അവസാനം അദ്ധ്യാപകരുടെയൊക്കെ സേവനത്തിന്റെ ഫലമായി നമുക്കൊരു ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിൽ നിന്ന് ആശുപത്രിയിലെ ചികിത്സാ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഇനിയെങ്കിലും കാലതാമസമുണ്ടാകാതെ ഈ ലിസ്റ്റ് പ്രകാരമുള്ള എൻഡോഴ്സ്മെന്റ് റേഷൻ കാർഡുകളിൽ വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഇതിന് ആവശ്യമായ തിരുത്തലുകളും മറ്റും രേഖപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly